# അകാദമിക

# മാസ്റ്റർപ്ലാൻ

## 2025 _ 2026



## സെന്റ് മാത്യൂസ് L.P.S

## കുച്ചപ്പുറം



# മാർഗ്ഗദീപം



# ആമുഖം

ശോഭനമായ ഭാവി തുറക്കുന്നതിനുള്ള താക്കോലാണ് വിദ്യാഭ്യാസം. നമ്മുടെ കാഴ്ചപ്പാടിനെ വിശാലമാക്കുകയും ലോകത്തെക്കുറിച്ചുള്ള നമ്മുടെ വീക്ഷണത്തിൽ മാറ്റം വരുത്തുകയും ചെയ്യുന്ന ഒരു മഹാപ്രക്രിയയാണത്. ഇത് സർഗാത്മകതയെ പ്രോത്സാഹിപ്പിക്കുകയും പുതിയ ആശയങ്ങൾ പര്യവേക്ഷണം ചെയ്യാൻ നമ്മെ സഹായിക്കുകയും അങ്ങനെ രാജ്യവികസനത്തിന് വഴിയൊരുക്കുകയും ചെയ്യും. ജീവിതത്തിലെ വെല്ലുവിളികളെ ആത്മവിശ്വാസത്തോടെ നേരിടാൻ വിദ്യാഭ്യാസം ആളുകളെ പ്രാപ്തരാക്കുന്നു. ഇത് സാമൂഹികവിടവുകൾ നികത്തുകയും കൂടുതൽ നീതിയുക്തമായ ഒരു ലോകം കെട്ടിപ്പടുക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. ഒരു വിദ്യാർത്ഥിയുടെ വികസനത്തിന് നിർണായകമായ നാല് ഘട്ടങ്ങളാണ്. പ്രീ·സ്കൂൾ, പ്രാഥമികം, സെക്കന്ററി, സീനിയർ സെക്കന്ററി.

ജീവിതാനുഭവങ്ങളിൽ നിന്നും ആളുകളിൽനിന്നും പ്രകൃതിയിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും പഠിക്കുന്ന അനൗപചാരിക വിദ്യാഭ്യാസ-

ത്തിന് നല്കുന്ന നാങ്ങാണ് പ്രാഥമികതലം മുതൽ ലഭിക്കുന്ന ഔപചാരിക വിദ്യാഭ്യാസം സമൂഹത്തിലെയും സമ്പദ്‌വ്യവസ്ഥിതിയിലെയും മാറ്റങ്ങളുമായി പൊരുത്തപ്പെട്ട് സ്വയം ശാക്തീകരിക്കാനും ആധുനിക ലോകത്തെ തൃപ്തിപ്പെടുത്തുവാനും ഒരുവനെ പര്യാപ്തനാക്കുകയാണ് വിദ്യാഭ്യാസം.

സ്വാശ്രയത്വവും ആത്മവിശ്വാസവും വളർത്തി വെല്ലുവിളികളെ നേരിടാനും വിജയം കൈവരിക്കാനും ഒരുവനെ സഹായിക്കുന്നതാണ് നല്ല വിദ്യാഭ്യാസം. ഒരു പോസിറ്റീവ് മാനസികാവസ്ഥയെ രൂപപ്പെടുത്തി വിജയകരമായ ജീവിതത്തിന് വഴിയൊരുക്കുവാൻ ഒരുവൻ പ്രാപ്തനാകുന്നു. ലോകത്തിന്റെ മുഴുവൻ വീക്ഷണകോണും മാറ്റാൻ കഴിയുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം. ധാർമ്മിക മൂല്യങ്ങൾ വികസിപ്പിച്ച് ജീവിതത്തിൽ മികച്ച വ്യക്തിയായി മാറാൻ അത് ഒരുവനെ സഹായിക്കുന്നു.

വിദ്യാഭ്യാസത്തിന്റെ പ്രാഥമിക പടുപരിശീലനത്തിനായി ഈ സ്കൂളിലേയ്ക്ക് കടന്നു വരുന്ന കുഞ്ഞുങ്ങൾക്കായി. ഈ വിദ്യാലയം

കാഴ്ചവക്കുന്ന വിദ്യാലയ പ്രവർത്തനങ്ങളുടെ മാർഗരേഖയും അവയുടെ പ്രവർത്തന വിശദീകരണവുമാണ് ഈ മാസ്റ്റർ പ്ലാൻ മുന്നോട്ടുവയ്ക്കുന്നത്.

## ചരിത്രം

1982 ൽ തിരുഹൃദയ സന്യാസിനിമാരുടെ ദീർഘവീക്ഷണത്തിൽ കുച്ചപ്പുറം ഗ്രാമത്തിന്റെ ഹൃദയഭാഗത്ത് തെളിയിച്ച കെടാവിളക്കാണ് സെന്റ് മാത്യൂസ് L.P.S ഇന്നാട്ടുകാരുടെ സ്നേഹവും സഹകരണവും ഏറെ അനുഭവിച്ചുകൊണ്ട് പടിപടിയായി വളർന്ന ഈ വിദ്യാലയത്തിന് ഈ നാടിന്റെ ഓരോ ചുവടുവയ്പിലും ഭാഗമാകാൻ സാധിച്ചു. ഇവിടുത്തെ കുട്ടികൾ എന്നും അവരുടെ കുടുംബത്തിനും നാടിനും രാജ്യത്തിനുതന്നെയും ഒരു മുതൽക്കൂട്ടാണ്.

## അവസ്ഥാപഠനം

സെന്റ് മാത്യൂസ് L.P സ്കൂൾ നാലു പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ശ്രദ്ധേയമായ ഒരു വളർച്ച എല്ലാ മണ്ഡലങ്ങളിലും ദൃശ്യമാണ്. മികച്ച ഭൗതിക സാഹചര്യം, കർമനിരതരായ അധ്യാപകർ, അനധ്യാപകർ, പൂർണപിന്തുണ നൽകുന്ന രക്ഷകർത്താക്കൾ, നാട്ടുകാർ എന്നിവ കൂടെനിന്ന് പ്രവർത്തിക്കുന്ന മാനേജ്മെന്റ് ഇവയൊക്കെയാണ് ഇവിടുത്തെ വിജയമന്ത്രം.

കുട്ടികൾക്ക് സുരക്ഷിതമായും സന്തോഷത്തോടെയും വിഹരിക്കുവാൻ കഴിയുന്ന വിദ്യാലയാന്തരീക്ഷം ടൈലിട്ട മികച്ച ക്ലാസ്മുറികൾ, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, ജൈവവൈവിധ്യപാർക്ക്, ഭക്ഷണശാലയോടും, പച്ചക്കറിത്തോട്ടം തുടങ്ങിയ മികച്ച സൗകര്യങ്ങളും ഈ വിദ്യാലയം കുട്ടികൾക്ക് ഉറപ്പുവരുത്തുന്നു.

2025-26 അധ്യയനവർഷത്തെ മുഴുവൻ കുട്ടികൾക്കും തുല്യതയും ഗുണനിലവാരവുമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള ഒരു

കർമപദ്ധതിയുടെ പ്രത്യേകതയാണിത്. ഭാഷ, ഗണിതം, പരിസരപഠനം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്നതോടൊപ്പം കുട്ടികളിലെ സ്വഭാവരൂപീകരണത്തിനും ഇവിടെ ഏറെ പ്രാധാന്യം നൽകിവരുന്നു. ഇതിനായി അധ്യാപകരക്ഷാകർതൃബന്ധം ഊട്ടിയുറപ്പിച്ചുകൊണ്ടുള്ള സൗഹാർദപരമായ പ്രവർത്തനരീതികളാണ് ഇവിടെ ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഇടയ്ക്കിടെയുള്ള വിലയിരുത്തലുകൾ ഇതിന്റെ സുഗമമായ നടത്തിപ്പിന് അനിവാര്യമാണ് എന്ന തിരിച്ചറിവിന്റെ വെളിച്ചത്തിൽ ഓരോ ചുവടും ഏറെ ശ്രദ്ധയോടെ മുന്നോട്ടുവെക്കുന്നു.

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

### അക്കാദമികം

2025-26 സമഗ്ര ഗുണമേന്മാവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ഓരോ കുട്ടിക്കും പ്രത്യേക പരിഗണന നൽകി അനുയോജ്യമായ രീതിയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കി മാറ്റങ്ങളും മെച്ചപ്പെടുത്തലുകളും നിരന്തര

വിലയിരുത്തി സമഗ്രഗുണമേന്മയിൽ വിദ്യാഭ്യാസ രംഗത്തെ എത്തിക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കേണ്ടതുണ്ട്.

ഇതിനായി ക്ലാസ്സ് ടീച്ചേഴ്സ് തന്റെ കുട്ടികളെ അവരുടെ "പ്രകൃതം" വിലയിരുത്തി വരുത്തേണ്ട മാറ്റങ്ങളും സ്വാഭാവിക പ്രവണതകളും നിരന്തരം വിലയിരുത്തി രേഖപ്പെടുത്തണം. പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ശേഷികളുടെ മെച്ചപ്പെടുത്തലിനായി PTA യുടെ സഹായവും തേടുന്നു. ഇത്തരം കുട്ടികളുടെ രക്ഷകർത്താക്കളുമായി നിരന്തര ബന്ധപ്പെട്ടും ആവശ്യമായ പിന്തുണ നല്കിയും ലക്ഷ്യത്തിലെത്തിച്ചേരുവാൻ ശ്രമിക്കുന്നു. കുട്ടികളുടെ മെച്ചപ്പെടലുകൾ ക്ലാസ്സുകളിൽ പൊതുവായും അസംബ്ലിയിലും മറ്റ് ദിനാചരണങ്ങളിലും ആഘോഷവേളകളിലും മറ്റ് ഉചിതമായ സന്ദർഭങ്ങളിലും അവതരിപ്പിക്കുവാൻ അവസരം നല്കുന്നു. അങ്ങനെ എല്ലാ കുട്ടികളും നേടേണ്ട ശേഷികൾ പരമാവധി അവരിൽ ഉറപ്പിക്കുന്നതിനായി ശ്രമിക്കുന്നു.

മുന്നോക്കം നിൽക്കുന്ന കുട്ടികളിലെ പ്രതിഭാവികാസത്തിനായി അവർക്കാവശ്യമായ

പിന്തുണ നൽകുകയും അവസരങ്ങൾ പരമാവധി നൽകി സർഗശേഷി വികാസം നടത്തുകയും വേണം. ഇതിനായി പ്രത്യേകദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്റർ, പ്ലക്കാർഡ്, പതിപ്പ് തുടങ്ങി നിർമാണ പ്രവർത്തനങ്ങളും, ക്വിസ് മത്സരങ്ങൾ, കഥയരങ്ങ്, പാട്ടരങ്ങ്, കടങ്കഥാപ്പയറ്റ് തുടങ്ങിയ പ്രവർത്തനങ്ങളും നൽകുന്നു.

പരിഷ്കരിച്ച പുതിയ പാഠപുസ്തക പ്രവർത്തനങ്ങൾക്ക് അനുസൃതമായി പരമാവധി അധിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നൽകുകയും അതിൽ കുട്ടികൾക്കുള്ള പങ്കാളിത്തം വിലയിരുത്തുകയും രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

കുട്ടികളിലെ പ്രവൃത്തിപരിചയപാടവം നേരത്തെതന്നെ വിലയിരുത്തി അവർക്കാവശ്യമായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനവും ചുമതലയുള്ള അധ്യാപകരുടെ മേൽനോട്ടത്തിൽ ജൂലൈ മാസം മുതൽ ആരംഭിക്കുന്നു.

അങ്ങനെ കുട്ടികളുടെ പ്രകൃതം മനസ്സിലാക്കി അവയെ ശരിയായ ദിശയിൽ നയിച്ചുകൊണ്ട് ഓരോ കുട്ടിയേയും സമഗ്ര ഗുണമേന്മയിലെത്തിക്കുന്നു.

ഭൗതികം.

നിലവിൽ സാമാന്യം മെച്ചപ്പെട്ട ഒരു ഭൗതികസാഹചര്യമാണ് ഈ വിദ്യാലയത്തിനുള്ളത്. വിശാലമായ ക്ലാസ്മുറികൾ, ഫർണിച്ചറുകൾ, കംപ്യൂട്ടർലാബ്, ക്ലാസ്ലൈബ്രറികൾ, സ്കൂൾലൈബ്രറി ഗ്രില്ലുകൾ സുരക്ഷയൊരുക്കുന്ന വരാന്തകൾ, വൃത്തിയും വെടിപ്പുമുള്ള സ്കൂൾ പരിസരം, മനോഹരമായ പൂന്തോട്ടം, പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, ജൈവവൈവിധ്യപാർക്ക്, ഭക്ഷണം പാകം ചെയ്യുന്നതിന് വൃത്തിയും വെടിപ്പുമുള്ള വിശാലമായ അടുക്കള, സ്കൂൾബസ്, കൂടാതെ അവരെ പരിചരിക്കുന്നതിനായി ആയമാർ തുടങ്ങിയ സൗകര്യങ്ങൾ ഇവിടെയുണ്ട്.

എങ്കിലും കുട്ടികൾക്ക് ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിനുള്ള ഡൈനിംഗ് ഹാൾ,

അവശ്യമായ കളിയുപകരണങ്ങൾ, വിഷയാടിസ്ഥാനത്തിലുള്ള ലൈബ്രറി പുസ്തകങ്ങളുടെ അപര്യാപ്തത എന്നിവ ഇന്നും നിലനിൽക്കുന്നു. അവയ്ക്കായിട്ടുള്ള പരിശ്രമവും ഇടക്കുന്നു.

## ലക്ഷ്യങ്ങൾ

ഭാഷാ വികാസനം.

- എല്ലാ കുട്ടികളെയും ആശയഗ്രഹണത്തോടെ വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- ഓരോ ക്ലാസിനും അനുയോജ്യമായ വിധത്തിലുള്ള ആശയവിനിമയശേഷി നേടിയെടുക്കാനുള്ള കഴിവുകൾ വികസിപ്പിക്കുക
- സർഗാത്മക രചനകൾക്കുള്ള അവസരം ഒരുക്കുക.
- ആശയാവിഷ്കരണത്തിനുള്ള അവസരം നൽകുക.
- വായനാശീലം വളർത്തുക.

ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഉപയോഗപ്പെടുത്തിയുള്ള ഇംഗ്ലീഷ് പഠനം

- ക്ലാസിലെ വായനാമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
- ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ അവസരമൊരുക്കുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

പരിസരപഠനം

- ശാസ്ത്രപഠനത്തിന് താല്പര്യം വളർത്തുക ശാസ്ത്രബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക.
- നിരീക്ഷണപാടവം വളർത്തുക.
- ഉപകരണങ്ങളെ ശാസ്ത്രീയരീതിയിൽ കൈകാര്യം ചെയ്യുക.
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

ഗണിതം

- അടിസ്ഥാനഗണിതക്രിയകൾ എല്ലാകുട്ടികളും ഉറപ്പാക്കുക
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഗണിതചിന്ത, ഗണനചിന്ത, വിശകലനശേഷി എന്നിവ കുട്ടികളിൽ വളർത്തുക.
- സംഖ്യാബോധം, ജ്യാമിതീയരൂപങ്ങൾ അളവുകൾ തുടങ്ങിയവ കുട്ടികളിൽ ഉറപ്പിക്കുക.

പ്രവൃത്തിപരിചയം.

- നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക.
- പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉല്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക
- വിഷയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക.

കലാപരിശീലനം.

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
- ഓരോ കുട്ടിയുടേയും സവിശേഷ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
- കലാഭിരുചി വളർത്തുക.

ആരോഗ്യ കായിക വിദ്യാഭ്യാസം

- മന:ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
- ആരോഗ്യശീലങ്ങൾ വളർത്തുക.

അറബിക്.

- എല്ലാ കുട്ടികളെയും ആശയം ഉൾക്കൊണ്ടുകൊണ്ട് വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക
- മികച്ച മൂല്യമനോഭാവങ്ങൾ കുട്ടികൾ സ്വായത്തമാക്കുക.

# പ്രവർത്തന പദ്ധതികൾ.

## മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ക്ലാസ് ലൈബ്രറി സജ്ജമാക്കൽ<br>"പിറന്നാൾ പുസ്തകം" പുസ്തക ശേഖരണം<br>ഉച്ചഭാഷിണി വായനാ അസംബ്ലി.<br>റേഡിയോ വായന | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| തെറ്റില്ലാതെ എഴുതുക. | വായനക്കുറിപ്പ് തയ്യാറാക്കൽ<br>സംയുക്ത ഡയറിക്കിൽ നിന്നും സർഗാത്മക ഡയറിയിലേക്ക്<br>വായനക്കാർഡ് തയ്യാറാക്കൽ | ജൂൺ - മാർച്ച് | PTA. | |
| കുട്ടികൾക്ക് സർഗാത്മക രചനകളുടെ അവസരമൊരുക്കൽ. | രചനകൾ പ്രസിദ്ധീകരിക്കൽ<br>ചുവർചിത്രം, പതിപ്പ്, കയ്യെഴുത്ത് മാഗസിൻ. | ദിനാച രണങ്ങളുമായി ബന്ധപ്പെടുത്തി ഓരോ ടേമിലും. | PTA. | |

| | | | | |
|---|---|---|---|---|
| പാട്ടരങ്ങ്. ഭാവപ്രകടനം, ശബ്ദപ്രയോഗം, ഭാഷാജ്ഞാനം, ആത്മവിശ്വാസം എന്നിവ വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിച്ച് അതിന്റെ അവതരണം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| ഭാഷോത്സവം ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക ഭാഷാനൈപുണ്യം ഉയർത്തുക. | ഭാഷാപ്രസംഗം, കഥപറയൽ, കവിതാപാരായണം നാടകാവതരണം | ജൂൺ - മാർച്ച് | PTA. | |
| അരങ്ങേറ്റം. സ്വതന്ത്ര വായന സ്വതന്ത്രരചന ആവിഷ്കാരം എന്നിവയിൽ മികവ് ഉയർത്തുക. | എന്റെ കഥ/പാട്ട്/ സംഭാഷണം/ ആസ്വാദ്യകരമായ രീതിയിൽ പൊതുവിൽ അവതരണം കോർണർ PTA, പഠനോത്സവം | ഫെബ്രുവരി മാർച്ച് | PTA ക്ലാസ് ടീച്ചർ SRG. | PTA |

# English.

| | | | | |
|---|---|---|---|---|
| അസംബ്ലി. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷിൽ അസംബ്ലി. | ആഴ്ചയിൽ ഒരുദിവസം | ഇംഗ്ലീഷ് ടീച്ചർ. | |
| ഡയറി. ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ക്ലാസ് ടീച്ചർ. | |
| Reading Card ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | Reading card നിർമ്മാണം | ജൂൺ ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ. | |
| English Festival. ആവിഷ്കാര സ്വാതന്ത്ര്യം | നേടിയശേഷികൾ അവതരണം | ഫെബ്രു വരി. | English teachers Class teacher | |

| | | | | |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിന് | ക്ലാസുകളിൽ ഗണിതമൂല സജ്ജീകരിക്കൽ [മഞ്ചാടി, കാർഡുകൾ, കളിനോട്ട് etc ] | ജൂൺ | ക്ലാസ്ടീച്ചർ ഗണിതാധ്യാപകർ. | |
| യൂണിറ്റ് ടെസ്റ്റ് — ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തണം. | ജൂൺ - മാർച്ച് | ഗണിതാധ്യാപകർ | |
| ഗണിതകേളി — അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ | ജൂൺ - മാർച്ച് | ഗണിതാധ്യാപകർ PTA. | |

## സർഗവേദി

| | | | | |
|---|---|---|---|---|
| കലാഭിരുചി വളർത്തുക | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗ വേദി നടത്തൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ | എല്ലാ വെള്ളിയാഴ്ച | Class teacher | |
| പ്രകാശനവേദി | | | | |
| കുട്ടികളുടെ മികവുകൾ പൊതുസമൂഹത്തിൽ അവതരണം | കുട്ടികളുടെ മികവുകൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കുവയ്ക്കൽ | ജൂൺ - മാർച്ച് | SRG. | |
| കായികാരോഗ്യം | | | | |
| കായിക ക്ഷമത വിലയിരുത്തൽ വർധിപ്പിക്കൽ | കായികാധ്യാപകന്റെ നേതൃത്വത്തിൽ പരിശീലനം | ജൂൺ - മാർച്ച് | കായികാധ്യാപകർ ക്ലാസ്ടീച്ചർ | |

പരിസരപഠനം.

| പ്രകൃതി നടത്തം | | | | |
|---|---|---|---|---|
| ചുറ്റുപാടുകളെ നിരീക്ഷിച്ച് ജീവജാലങ്ങളെ തിരിച്ചറിയൽ തരംതിരിക്കൽ വർഗീകരണം | സ്കൂളും പരിസരവും, വീടും പരിസരവും ചുറ്റി നടന്നു കാണുന്നു. [illegible]ങ്ങൾ നിരീക്ഷിക്കൽ രേഖപ്പെടുത്തൽ വിലയിരുത്തൽ | ജൂൺ. ആഗസ്റ്റ് | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്രാന്വേഷണം ~~[illegible]~~ | | | | |
| കുട്ടികളിലെ ശാസ്ത്രാന്വേഷണ ശീലം വളർത്തുക. പരീക്ഷണങ്ങളിൽ ഏർപ്പെടുക. | പരീക്ഷണ നിരീക്ഷണങ്ങളുടെ അവതരണം വിലയിരുത്തൽ കണ്ടെത്തലുകളുടെ അവതരണം | ജൂൺ- മാർച്ച് | ശാസ്ത്ര ക്ലബ്ബ്. | |
| എന്ത്? എന്തിന് എന്തുകൊണ്ട്? | | | | |
| ശുചിത്വശീലങ്ങൾ വളർത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തൽ | കുട്ടികളിലെ ശുചിത്വം വിലയിരുത്തൽ പരിസരശുചിത്വം പാലിക്കൽ | ജൂൺ- മാർച്ച് | എല്ലാ അധ്യാപകരും. | |

# അറബിക്

പ്രവർത്തനം : 1

പേര് : അറബി ഭാഷ - ലോക ഭാഷ

ഉപമേഖല : അടിസ്ഥാന ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക. | • ഒന്നു മുതൽ നാല് വരെയുള്ള ക്ലാസുകളിൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• ഭാഷാ കളികൾ | മൂന്നു മാസം | അറബി ടീച്ചർ | |

പ്രവർത്തനം : 2

പേര് : വായനോത്സവം - അറബി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പു വരുത്തുക. | • പാഠപുസ്തക വായന<br>• കാർഡുകൾ വായന<br>• വായനാ മത്സരം<br>• ഭാഷാ കളികൾ<br>• ചുമർ പത്രങ്ങൾ<br>• പോസ്റ്ററുകൾ | ജൂൺ- മാർച്ച് | അറബി ടീച്ചർ | |

# അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം പിന്തുണ |
|---|---|---|---|---|
| അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രൂപങ്ങളിലെ വ്യത്യാസം എന്നിവ മനസ്സിലാക്കി വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് ആർജ്ജിക്കൽ | അക്ഷരങ്ങളുടെ രൂപ വ്യത്യാസം സംഗ്രഹിക്കാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനത്തിലൂടെ ഉയർത്തിക്കൊണ്ട് വരും. ഇതിനായി അക്ഷര പഠന സഹായി, കാർഡുകൾ ICT ഉപയോഗിച്ചുള്ള വിവിധ കളികൾ ഉപയോഗിക്കും | ജൂൺ - ആഗസ്റ്റ് | പുസ്തകങ്ങൾ, കാർഡുകൾ | അധ്യാപിക, PTA |
| അറബിയിലുള്ള ചെറിയ ശൈലികൾ ഉച്ചാരണ വാക്കുകൾ തുടങ്ങിയവ മനസ്സിലാക്കുക. | പാഠപുസ്തകത്തിൽ നിന്നും മറ്റ് പുസ്തകത്തിൽ നിന്നും കണ്ടെത്തുന്നു. | ജൂൺ - മാർച്ച് | പാഠപുസ്തകങ്ങൾ, ലഭ്യമാകുന്ന മറ്റു പുസ്തകങ്ങൾ | അധ്യാപിക PTA |
| അറബി ഭാഷാ പഠനത്തിൽ IT സാധ്യത ഉപയോഗം | അറബി ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, അറബിയിലുള്ള ബാലസാഹിത്യ ശേഖരണം തുടങ്ങിയവയിലൂടെയുള്ള പരിശീലനം. കീബോർഡിൽ അറബി അക്ഷരങ്ങൾ പരിചയപ്പെടുത്തും | ജൂൺ - മാർച്ച് | സ്കൂളിലെ IT സൗകര്യം, ഇന്റർനെറ്റ് സൗകര്യം ഉപയോഗപ്പെടുത്തും | അധ്യാപിക |

| | | | | |
|---|---|---|---|---|
| അറബി ഭാഷാ വിനിമയ ശേഷി വർദ്ധിപ്പിക്കൽ | അറബി കലോത്സവത്തിലെ അറബി ഭാഷയുമായി നേർക്കുനേരെ ബന്ധമുള്ള പദനിർമ്മാണം, ക്വിസ്, കഥ തുടങ്ങിയ മത്സര പരിശീലനത്തിലൂടെയുള്ള പഠനം നടപ്പാക്കുക. | ജൂൺ-മാർച്ച് | മാതൃക മത്സരങ്ങൾ സംഘടിപ്പിക്കും | അധ്യാപിക, PTA |

# Academic Calender 2025 - 26

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| SRG യോഗം | ജൂൺ 2, 12, 20, 27 | 4A, 4B ക്ലാസ് ടീച്ചർ, HM & teachers | |
| പരിസ്ഥിതി ദിനാചരണം വൃക്ഷത്തൈ നടീൽ, പച്ചക്കറിത്തോട്ട വിപുലീകരണം, ശുചീകരണം | ജൂൺ 5, 6, 7 | സയൻസ് ക്ലബ്, Class teachers, Children | PTA |
| വായന വാരാഘോഷം, വായനമത്സരം, കടംപറച്ചിൽ, ഗ്രന്ഥശാല സന്ദർശനം, വായനക്കുറിപ്പ് തയ്യാറാക്കൽ, പതിപ്പ് പ്രകാശനം ക്ലാസ് ലൈബ്രറി വിപുലീകരണം | ജൂൺ 19 - 25 | മലയാളം ക്ലബ് | PTA |
| PTA, MPTA ജനറൽ ബോഡി രക്ഷാകർതൃ ബോധവൽക്കരണ ക്ലാസ് | ജൂൺ 18 | | |
| SRG യോഗം | ജൂലൈ 1, 10, 18, 25 | പൊതു ചുമതല 4C, 4D ക്ലാസ് ടീച്ചേഴ്സ് | |
| ലോകജനസംഖ്യാദിനം ബോധവത്ക്കരണം | ജൂലൈ 11 | SS ക്ലബ് | |

| | | | |
|---|---|---|---|
| PTA, MPTA എക്സിക്യൂട്ടീവ് മീറ്റിംഗ് | ജൂലൈ 11 | HM, PTA പ്രസിഡന്റ് | |
| ഗണിതലാബ്, ശാസ്ത്ര ലാബ് പ്രവർത്തനാരംഭം | ജൂലൈ 15 | CPTA ക്ലാസ് ടീച്ചർ | PTA |
| ചാന്ദ്രദിനാഘോഷം, പതിപ്പ്, ചാർട്ട് പ്രദർശനം - പ്രത്യേക അസംബ്ലി | ജൂലൈ 18 | സയൻസ് ക്ലബ് | |
| സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ് | ജൂലൈ 26 | | |
| SRG യോഗം | ആഗസ്റ്റ് 1, 8, 22, 29 | 3A, 3B ക്ലാസ് ടീച്ചേഴ്സ് | |
| ഹിരോഷിമദിനം, യുദ്ധ വിരുദ്ധ പോസ്റ്റർ നിർമ്മാണം, യുദ്ധവിരുദ്ധ പ്രതിജ്ഞ, റാലി | ആഗസ്റ്റ് 6 | SS ക്ലബ് | |
| സ്വാതന്ത്ര്യ ദിനാചരണം, റാലി, പ്രസംഗമത്സരം - | ആഗസ്റ്റ് 14, 15 | SS ക്ലബ് | |
| കർഷക ദിനം - കർഷകനെ ആദരിക്കൽ | ആഗസ്റ്റ് 18 | | |

| | | | |
|---|---|---|---|
| ശാസ്ത്ര ഗണിതശാസ്ത്ര പ്രവർത്തി പരിചയ മേള - സ്കൂൾ തലം | ആഗസ്റ്റ് 5,6 | | |
| SRG യോഗം | സെപ്റ്റംബർ 2,18, 25 പരീക്ഷ ദിവസങ്ങൾ | 3C, 3D ക്ലാസ് ടീച്ചേഴ്സ് | |
| അധ്യാപക ദിനം - കുട്ടി അധ്യാപകർ, അധ്യാപകരെ ആദരിക്കൽ | സെപ്റ്റംബർ 3 | സ്കൂൾ ലീഡർ, കുട്ടികൾ | |
| ഓണാഘോഷം - വിവിധ കലാപരിപാടികൾ, മാവേലി മത്സരം ഓണസദ്യ | സെപ്റ്റംബർ 3 | PTA | |
| മൂല്യ നിർണയം - വിലയിരുത്തൽ | സെപ്റ്റംബർ 16 | | |
| സ്കൂൾ കലോത്സവം - സ്കൂൾ തലം | സെപ്റ്റംബർ 17,18 | | |
| SRG യോഗം | ഒക്ടോബർ 3,10,17,24 | 2A, 2B | |
| CPTA, PTA മൂല്യനിർണയം - വിലയിരുത്തൽ | ഒക്ടോബർ 10 | | |
| ഗാന്ധിജയന്തി- ഗാന്ധി അനുസ്മരണം, ശുചീകരണം, ചിത്രരചന, പ്രസംഗ | ഒക്ടോബർ 3 | ഗാന്ധിദർശൻ ക്ലബ് | |

| | | | |
|---|---|---|---|
| ...ങ്ങൾ - പരിശീലനം | മാസം മുഴുവൻ | അധ്യാപകർ | |
| SRG യോഗം | നവംബർ 4,11, 18,25 | 2C, 2D | |
| കേരളപ്പിറവി ദിനാചരണം documentary പ്രദർശനം, പ്രത്യേക അസംബ്ലി | നവംബർ 3 | | |
| ശിശുദിനം, റാലി, മധുര വിതരണം പ്രസംഗ മത്സരം | നവംബർ 14 | | |
| PTA | നവംബർ 28 | | |
| SRG യോഗം | ഡിസംബർ 5, 12 എക്സാം ദിവസങ്ങൾ | 1A, 1B | |
| ക്രിസ്തുമസ് ആഘോഷം- പാപ്പ മത്സരം വിവിധ കലാപരിപാടികൾ, കേക്ക് വിതരണം | ഡിസംബർ 24 | | |
| നല്ല പാഠം 10 കുട്ടികളുടെ ഭവനങ്ങളിൽ കിറ്റ് വിതരണം | | PTA | |
| SRG യോഗം | ജനുവരി 1, 7, 15, 22, 29 | 1C, 1D | |

| | | | |
|---|---|---|---|
| CPTA, PTA | ജനുവരി 3 | | |
| LSS പ്രത്യേകപരിശീലനം | മാസം മുഴുവൻ | | |
| റിപ്പബ്ലിക് ദിനാചരണം- പ്രത്യേക അസംബ്ലി | ജനുവരി 24 | | |
| മെഗാ ക്വിസ് | ജനുവരി 29 | | |
| SRG യോഗം | ഫെബ്രുവരി 3, 12, 21 | | |
| CPTA, PTA | ഫെബ്രുവരി 7 | | |
| ദേശീയ ശാസ്ത്രദിനം- ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ | ഫെബ്രുവരി 25 | സയൻസ് ക്ലബ് | |
| SRG യോഗം | മാർച്ച് 5,12 എക്സാം ദിവസങ്ങൾ | | |
| CPTA, PTA | മാർച്ച് 6 | | |
| പഠനോത്സവം - പഠന തെളിവ് പ്രദർശനം | മാർച്ച് 7 | | |